സർവ്വകലാശാലാ നിയമം

143 (1199) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ നിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച ശിപാർശകളെന്തെങ്കിലും സർക്കാരിനു ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഏകീകൃത സർവ്വകലാശാലാ നിയമം ഉണ്ടാക്കുന്നതിനുള്ള ശ്രമം എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(സി) ഏകീകൃത നിയമം ഉണ്ടാക്കുന്ന കാര്യത്തിലും നടപ്പാക്കുന്ന കാര്യത്തിലും എന്തെങ്കിലും വൈഷമ്യമുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വിശദമാക്കുമോ ?

ഉത്തരം

(എ-സി) യൂണിവേഴ്സിറ്റി ആക്ട് റിവ്യൂ കമ്മിറ്റി 18-11-2014-ന് സർവ്വകലാശാലാ നിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയോടു കൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം ബഹുമാനപ്പെട്ട ഗവർണർ വിളിച്ചു ചേർക്കുന്നതിനിടയായ സാഹചര്യം

144 (1200) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം ബഹുമാനപ്പെട്ട ഗവർണർ വിളിച്ചുചേർക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നുവെന്നു വിശദമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണു പങ്കെടുത്തതെന്നു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹുമാനപ്പെട്ട ഗവർണറുടെ യോഗത്തിന്റെ അജൻഡ എന്തായിരുന്നു; സർവ്വകലാശാലാ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് ഗവർണറുടെ ഭാഗത്തുനിന്നുണ്ടായത് ; പ്രസ്തുത യോഗ തീരുമാനങ്ങളുടെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ബഹുമാനപ്പെട്ട ഗവർണ്ണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സർവ്വകലാശാലകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനു തീരുമാനമുണ്ടോ ; ഇതു പ്രകാരം വൈസ് ചാൻസലർമാർ ഗവർണ്ണർക്ക് നേരിട്ടു റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശമുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ആശയങ്ങൾ കൈമാറുന്നതിനുള്ള വേദി ഒരുക്കുകയായിരുന്നു പ്രസ്തുത യോഗത്തിന്റെ ലക്ഷ്യം.

(ബി) പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പങ്കെടുത്തു.

(സി&ഡി) പ്രസ്തുത യോഗ തീരുമാനങ്ങളുടെ മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* സർവ്വകലാശാല പ്രവർത്തനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മിനിട്സിൽ വിശദീകരിച്ചിട്ടുണ്ട്. ചാൻസലർ എന്നുള്ള നിലയ്ക്ക് ഗവർണ്ണർക്ക് സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാവുന്നതാണ്.

കേരള സർവ്വകലാശാലയുടെ അധ്യാപക പരിശീലന കേന്ദ്രങ്ങൾ

145 (1201) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ അധ്യാപക പരിശീലന കേന്ദ്രങ്ങൾ എന്നാണ് ആരംഭിച്ചത് ;

(ബി) എത്ര പരിശീലന കേന്ദ്രങ്ങൾ ഉണ്ട്;

(സി) സ്വന്തമായി സ്ഥലവും സൗകര്യങ്ങളും ഉള്ള കേന്ദ്രങ്ങൾ ഏതെല്ലാമാണ് ;

(ഡി) ഏതെല്ലാം കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എം.പി., എം.എൽ.എ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത കേന്ദ്രങ്ങളുടെ അംഗീകാരം പിൻവലിക്കുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly